കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.(ഡബ്ള്യ.വൈ.ഡി) .പി2/540/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട് .

തീയതി:30/08/2017

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല.

പ്രസിഡണ്ട് ( സെക്രട്ടറി മുഖേന )

തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ 3-2, 3-8 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക്

അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി) .പി2/540/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്.

തീയതി:30/08/2017

വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ

ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.03.2016 മുതൽ 31.07.17 വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെപഞ്ചായത്തിന്റെശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ | ശ്രീമതി.പി.എസ്.വസന്ത<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.08.2017 മുതൽ<br>10.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.അഗസ്റ്റ്യൻ ഒ.കെ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീ.ഷാജി പി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ സമീർ.എം<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | ശ്രീമതി.ഇന്ദു.കെ.നായർ<br>ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| പേര് | ഉദ്യോഗപേര് | കാലയളവ് | ഇപ്പോഴത്തെ വിലാസം | സ്ഥിരം വിലാസം |
|---|---|---|---|---|
| ശ്രീ.പി.എ. കുര്യാക്കോസ് | പ്രസിഡണ്ട് | 01/04/16-31/03/2017 | | പുള്ളിക്കകുന്നേൽ വീട്, മക്കിയാട്പി.ഒ |
| ശ്രീമതി.സലേമി ഫ്രാൻസിസ് | വൈസ് പ്രസിഡണ്ട് | 01/04/16 -31/03/2017 | | നെടുംപുറത്ത് ,<br>വഞ്ഞോട് പി ഒ |
| ശ്രീ.വി. സി. സലീം | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (വികസനകാര്യം) | 01/04/16-31 /03/2017 | | വാഴയിൽ വീട് , തൊണ്ടർനാട് പി ഒ |
| ശ്രീമതി.മൈമൂനത്ത് | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | 01/04/16-31 /03/2017 | | കടയങ്കൽ വീട്, തൊണ്ടർനാട് പി |
| ശ്രീ.പി.കേശവൻ | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം) | 01/04/16-31 /03/2017 | | പാലിയോട്ടിൽ വീട്, മട്ടിലയം പി ഒ |
| ശ്രീ.മുസ്തഫ .എം | മെമ്പർ | 01/04/16-31 /03/2017 | | മോന്തോളിൽ വീട്, കുഞ്ഞോം പി ഒ |

| | | | | |
|---|---|---|---|---|
| ശ്രീമതി.ത്രേസ്യ .വി .എം | മെമ്പർ | 01/04/16-31 /03/2017 | | മരകണ്ടത്തിൽ വീട്, കുഞ്ഞോം പി ഒ |
| ശ്രീമതി.സുനിത | മെമ്പർ | 01/04/16-31 /03/2017 | | വട്ടവിള വീട്, കുഞ്ഞോം പി ഒ, കരിമ്പിൽ |
| ശ്രീ.അനീഷ് .പി | മെമ്പർ | 01/04/16-31 /03/2017 | | ഞാറലോട് , ആലക്കണ്ടി, വഞ്ഞോട് പി. ഒ |
| ശ്രീമതി.ശ്രീജ രാജേഷ് | മെമ്പർ | 01/04/16-31 /03/2017 | | ആലക്കൽ വീട്, പുതുശ്ശേരി |
| ശ്രീ.രവീന്ദ്രൻ | മെമ്പർ | 01/04/16-31 /03/2017 | | കളരിക്കൽ വീട്, തേറ്റമല |
| ശ്രീമതി.ആൻസി ജോയ് | മെമ്പർ | 01/04/16-31 /03/2017 | | മുറ്റത്തിൽ വീട്, തേറ്റമല |
| ശ്രീ.അസർ അലി | മെമ്പർ | 01/04/16-31 /03/2017 | | പൂവ്വൻ വീട്, തേറ്റമല |
| ശ്രീമതി.ഉഷ അനിൽ കുമാർ | മെമ്പർ | 01/04/16-31 /03/2017 | | പുത്തൻമിറ്റം വീട്, വഞ്ഞോട് |
| ശ്രീമതി.സിന്ധുഹരികുമാർ | മെമ്പർ | 01/04/16-31 /03/2017 | | കൊച്ചുതൊപ്പിൽ വീട്, മട്ടിലയം |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപേര് | കാലയളവ് | ഇപ്പോഴത്തെ | സ്ഥിരം വിലാസം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | വിലാസം | |
| ശ്രീ.ഇ.കെ ബാലകൃഷ്ണൻ | സെക്രട്ടറി | 01/04/2016-31/03/2017 | സെക്രട്ടറി<br>തൊണ്ടർനാട് | സോപാനം വീട്, വാളേരി പി ഒ, മൂളിതോട് |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 01/04/2016-31/03/2017 | | |
| ഡോ.റിയ ലളിത് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01/04/2016-31/03/2017 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)<br>തൊണ്ടർനാട് | മിഥില ഹൌസ് , അത്താണിക്കൽ, കോഴിക്കോട് |
| ഡോ.ശാന്തിനി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01/04/2016-31/03/2017 | മെഡിക്കൽ ഓഫീസർ (ആയുർവേദം)<br>തൊണ്ടർനാട് | കൃഷ്ണ കാർത്തിക<br>ഡൌൺ ബസാർ<br>മാനന്തവാടി |
| ഡോ.ശിവദാസൻ | വെറ്ററിനറി സർജൻ | 01/04/2016-31/03/2017 | വെറ്ററിനറി സർജൻ<br>തൊണ്ടർനാട് | തെക്കേപൊയിൽ വീട്,<br>എടവക പി.ഒ<br>കല്ലോടി |
| ശ്രീമതി.അപ്സര ജോസഫ് | ഐ.സി.ഡി.എസ് സൂപ്പിർവൈസർ | 01/04/2016-31/03/2017 | ഐ.സി.ഡി.എസ് സൂപ്പിർവൈസർ<br>എടവക | കണ്ടത്തിൽ വീട്, കമ്മന പി.ഒ<br>670645 |

| | | | | |
|---|---|---|---|---|
| ശ്രീ.ബഷീർ എം.കെ. | ഹെഡ് മാസ്റ്റർ | 01/04/2016-31/03/2017 | ഹെഡ് മാസ്റ്റർ<br>ജി.യു.പി.എസ്, കോറോം | എടിയപൊയിൽ വീട്, കാവിലുംപാറ പി.ഒ, 673513 |
| ശ്രീ.ശ്രീജിത്ത് | വി.ഇ.ഒ | 01/04/2016-31/03/2017 | വി.ഇ.ഒ<br>തൊണ്ടർനാട് | ശ്രീനിലയം വീട്, തരുവണ പി.ഒ, 670732 |
| ശ്രീ.ഗുണശേഖരൻ | കൃഷി ഓഫീസർ | 01/04/2016-31/03/2017 | കൃഷി അസി.ഡയറക്ടർ<br>മാനന്തവാടി | അമൃത ഭവൻ, നെല്ലിയിൽ<br>അമൃത നഗർ<br>ആറാട്ടുതറ പി.ഒ<br>മാനന്തവാടി,<br>670645 |
| ശ്രീ.അനിൽകുമാർ | ടി.ഇ.ഒ | 01/04/2016-31/03/2017 | ടി.ഇ.ഒ<br>തൊണ്ടർനാട് | മങ്കാളിവീട്<br>മുണ്ടേരി , കൽപ്പറ്റ, വയനാട്<br>673121 |
| ശ്രീ.ബൈജു എ. | എ.ഇ. | 01/04/2016-07/02/2017FN | അസി. എഞ്ചിനീയർ | ലാൽ ഹട്ട്<br>തോക്കാട് പി.ഒ, വർക്കല , തിരുവനന്തപുരം |

| | | | | |
|---|---|---|---|---|
| | | | | |
| ശ്രീ.അഷ്റഫ് ഖാൻ | എ.ഇ | 07/02/2017AN<br>31/03/2017 | അസി. എഞ്ചിനീയർ, തൊണ്ടർനാട് | ഫാത്തിമ മന്ദിരം<br>വലിയവേളി<br>പി.ഒ<br>തിരുവനന്തപുരം<br>695021-<br>9387778886 |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1-പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |

| | | | |
|---|---|---|---|
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2- വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 12 | ചട്ട വിരുദ്ധമായി വസ്തു നികുതി നിർണ്ണയിക്കുന്നു | 2-1 | |
| 13 | തൊഴിൽ നികുതി - രേഖകൾ പൂർണ്ണമല്ല | 2-2 | |
| 14 | വാടക കുടിശ്ശിക ഈടാക്കാത്തത് | 2-3 | |
| | ഭാഗം 3 | | |
| 15 | ക്യാഷ് ബുക്കിൽ വിവരങ്ങൾ ഉൾപ്പെടുത്താത്തത് | 3-1 | |
| 16 | വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കൽ | 3-2 | |
| 17 | അസി.എഞ്ചിനീയർ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-3 | |

| | | | |
|---|---|---|---|
| | | | |
| 18 | ബിൽ തുക അനുവദിച്ചതിലെ അപാകത നിമിത്തം അധികച്ചെലവ് | 3-4 | |
| 19 | തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചത് -കൈപ്പറ്റ് വിവരം ഇല്ലാത്തത് | 3-5 | |
| 20 | വനിതാ സ്വയം സഹായ സംഘങ്ങൾക്ക് മുട്ടക്കോഴി വിതരണം- ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല- 4,65,696 രൂപ തടസ്സപ്പെടുത്തുന്നു. | 3-6 | |
| 21 | വാങ്ങൽ നടത്തിയതിന്റെ ബിൽ സമർപ്പിക്കാതെ തുക കൈമാറി | 3-7 | |
| 22 | സർക്കാർ അനുമതിയില്ലാത്ത ഇനങ്ങളിൽ തുക ചെലവഴിച്ചു- 2,46,236/-രൂപ നിരാകരിക്കുന്നു. | 3-8 | |
| 23 | പഞ്ചായത്ത് വിഹിതം നൽകുന്നതിനായി പ്രോജക്ടുകൾ മുഖേന തുക പിൻവലിച്ചു | 3-9 | |
| 24 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - 2072 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല | 3-10 | |
| 25 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വിതരണം- തുക നല്കിയതിന് മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-11 | |

| | | | |
|---|---|---|---|
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 29 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 31 | ഓഡിറ്റ് റിക്കവറി | 4-6 | |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് പഞ്ചായത്ത് തീരുമാനം നമ്പർ 50/2016 തീയതി 04.03.2016 പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക

ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.17 | 27.7.2017 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിൻെറ വിവരം.

2016 -17 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ബജറ്റ് ഫംഗ്ഷൻ ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല. ബജറ്റ് ഫംഗ്ഷൻ ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കി സാംഖ്യയുമായി ബന്ധപ്പെടുത്താത്തതിനാൽ പരിശോധന നടത്താൻ സാധിച്ചിട്ടില്ല.
2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ പിരിച്ചെടുക്കുന്ന വാറ്റ് ,ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. വിവിധ നികുതി ,നികുതി ഇതര വരവുകളുടെ തൻവർഷ ഡിമാന്റ് രജിസ്റ്ററുകളിൽ അവയുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. വിവിധ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും കണക്കുകൾ തിട്ടപ്പെടുത്താതെയും വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ എങ്ങനെ കണക്കാക്കി എന്ന് വ്യക്തമാക്കണം.

5. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല
6. ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും സെക്രട്ടറി നേരിട്ടും നൽകിയ ടെണ്ടർ ഫോറം വിൽപ്പന വഴി ലഭിച്ച തുകയുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
7. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ്, വാർഷിക കണക്ക് (ഇൻകം & എക്സ്പെന്റീച്ചർ അക്കൗണ്ട് I-6) MNREGA ക്യാഷ് ബുക്ക് മറ്റ് രേഖകൾ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
8. തൊഴിൽ രഹിത വേതനം RP 7, RP19 എന്നിവ പ്രകാരം 131280 രൂപയും ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം വരവ് 51600 രൂപയുമാണ്. വ്യത്യാസം സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.
9. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല
10. സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
11. ആസ്തി രജിസ്റ്റർ സർക്കാർ ഉത്തരവ് പ്രകാരം തയ്യാറാക്കി പൂർത്തിയാക്കിയിട്ടില്ല. തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന വിവിധ പ്രൊജക്ടുകളിലായി ഫർണിച്ചറുകൾ , കമ്പ്യൂട്ടറുകൾ തുടങ്ങി ധാരാളം സാധന സാമഗ്രികൾ വാങ്ങുന്നുണ്ട്. മാത്രമല്ല ഇത്തരത്തിൽ വാങ്ങുന്ന സാധനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. സെക്രട്ടറി പൊതു നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഇത്തരം വാങ്ങലുകൾ നടത്താത്തതും പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.
12. പഞ്ചായത്തിനു പിരിഞ്ഞ് കിട്ടാനുള്ളവയിൽ സംശയമാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
13. വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.
14. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് A+B+C, വാർഷിക കണക്കിലെ മുൻബാക്കിയും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല.
15. തനത് ഫണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.തനത് ഫണ്ട് അക്കൗണ്ടിൽ ആയത് മാത്രം നിക്ഷേപിക്കേണ്ടതാണ്.
16. ICDS, എം.എൽ.എ ഫണ്ട്, തുടങ്ങി പ്രത്യേകാവശ്യങ്ങൾക്ക് നൽകിയ തുക തനത്ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. പ്രത്യേകാവശ്യങ്ങൾക്ക്

അനുവദിക്കുന്ന തുക തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെലവഴിക്കുകയും ചെയ്യുന്നു. ഇത് സംബന്ധിച്ച് വിശദീകരിക്കണം. ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-17, B-4 എന്നിവ തമ്മിൽ കൃത്യത ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല.

17. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാരിൽ നിന്നും അലോട്ട്മെന്റ് നൽകിയതിന്റെ തൊട്ടടുത്ത മാസം 5-ാം തീയതിക്ക് മുമ്പായി ചെലവ് വിവരം /വിനിയോഗ സാക്ഷ്യപത്രം വാങ്ങുന്നില്ല.
18. വസ്തു നികുതി മുൻവർഷങ്ങളിലെ അധിക ഡിമാന്റ് ക്രമീകരിച്ചതിന്റെ വിശദവിവരങ്ങൾ ലഭ്യമല്ല.
19. 2015 -16 വർഷത്തിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

( ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്)

## 1-4 സാമ്പത്തിക വിശകലനം.

| | ബജറ്റ് പ്രകാരം | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുൻബാക്കി | 57678964 | 22914999 |
| വരവ് | 144824900 | 102326763 |
| ആകെ | 202503824 | 125241762 |
| ചെലവ് | 238141300 | 94962970 |
| നീക്കിബാക്കി | 35637436 | 30278792 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 16468183 | 16468183 | 16468183 | 0 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്(എസ്.സി.പി) | 0 | 200000 | 200000 | 200000 | 0 |
| വികസന ഫണ്ട്(ടി.എസ്.പി) | 0 | 8302126 | 8302126 | 8302126 | 0 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 7934027 | 7934027 | 7934027 | 0 |
| സംരക്ഷണ ഗ്രാന്റ്(റോഡിതരം) | 0 | 4597471 | 4597471 | 4597471 | 0 |
| ധമകാര്യ കമ്മീഷൻ അവാർഡ് | 0 | 5035886 | 5035886 | 5035886 | 0 |
| ലോക ബാങ്ക് ധന സഹായം | 0 | 1327164 | 1327164 | 1327164 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 77629673 | 145 | 48530954 | 6 | 65 | 67.12 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.67% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| നികുതി വരവുകൾ | 689800 | 3551962 | (+)2862162 | (+)19.42% |
| നികുതിയേതര വരവുകൾ | 135882882 | 255454 | (-)135627428 | (-) 0.18% |
| മറ്റ് വരവുകൾ | 6850093 | 895637 | (-) 5954456 | 13.07 % |
| ആകെ | 14342275 | 4037053 | 138719722 | 9.67% |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 130 | 131280 |
| കർഷക തൊഴിലാളി പെൻഷൻ | 576 | 5119500 |
| വിധവാ പെൻഷൻ | 950 | 10050100 |
| വാർദ്ധക്യകാല പെൻഷൻ | 989 | 10626100 |
| വികലാംഗ പെൻഷൻ | 265 | 2445100 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10 | 80600 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2017 ന് 3.00 pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11127/- രൂപ (പതിനൊന്നായിരത്തി ഒരുനൂറ്റിഇരുപത്തിയേഴ് രൂപാ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് സെക്രട്ടറി തയ്യാറാക്കേണ്ട രജിസ്റ്ററുകൾ, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ തയ്യാറാക്കേണ്ട രജിസ്റ്ററുകളും സർക്കാർ ഉത്തരവുകൾ പ്രകാരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സെക്രട്ടറി തയ്യാറാക്കേണ്ട സ്റ്റോക്ക് വെരിഫിക്കേഷൻ, വസ്തു നികുതി രജിസ്റ്റർ തുടങ്ങിയവ തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല.

വെറ്ററിനറി സർജൻ, കൃഷി ഓഫീസർ, ഹെഡ് മാസ്റ്റർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി എന്നിവർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. ജി.ഒ(പി)07/2006/ധനം തീയ്യതി 24.12.2006 പ്രകാരം ഒരു സ്ഥാപനത്തിന് ഒരു ക്യാഷ് ബുക്ക് (TR- 7A) മാത്രമേ സൂക്ഷിക്കാവൂ. ഇതിൽ വകുപ്പിലെ വരവ് ചെലവ് കണക്കുകളും പഞ്ചായത്തിലെ വരവ് ചെലവ് കണക്കുകളും എഴുതി സൂക്ഷിക്കേണ്ടതും പഞ്ചായത്തിലെ കണക്കുകൾക്ക് പ്രത്യേകം അനുബന്ധം 4 ബി മാതൃകയിലുള്ള സബ്സിഡിയറി രജിസ്റ്ററിലുമാണ് എഴുതി സൂക്ഷിക്കേണ്ടത്. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15/06/2017 | 01/10/2016 – 31/03/2017 | ലഭിച്ചില്ല | റിപ്പോർട്ട് ലഭ്യമായിട്ടില്ല |

| | | | | |
|---|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/07/2009 | 2004-05 മുതൽ 2008-2009 വരെ | 28/10/2009 | ഇല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ചട്ട വിരുദ്ധമായി വസ്തു നികുതി നിർണ്ണയിക്കുന്നു

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 20.06.2011 ലെ 62/11-ാം നമ്പർ തീരുമാന പ്രകാരം വസ്തു നികുതി പരിഷ്കരണം നടപ്പാക്കിയിട്ടുണ്ട്.

1) മേൽ തീരുമാന പ്രകാരം 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിക്കേണ്ടത്. എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് അവയുടെ വിസ്തീർണ്ണത്തിന് അനുസരിച്ച് വ്യത്യസ്ത നമ്പർ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിർണയിക്കുന്നു . ഉദാഹരണം താഴെ കൊടുക്കുന്നു .

വാർഡ് നം. - 11

കെട്ടിടത്തിന്റെ തരം - വാണിജ്യാവശ്യം

കെട്ടിട നം -11/ 210 A,B,C,D,E,F,G,

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം - 227.28ച . മീ (കംപ്ലീഷൻ പ്ലാൻ പ്രകാരം )

a)<u>നികുതി നിർണ്ണയിച്ചത്</u>

മേഖല – പ്രഥമം ( വർദ്ധനവോ , ഇളവോ ഇല്ല ), വഴി സൗകര്യം - 5 മീറ്റർ കൂടുതൽ ( 20% വർദ്ധനവ് )

വാർഷിക വസ്തു നികുതി = അടിസ്ഥാന വസ്തുനികുതി + അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവ് - അടിസ്ഥാന വസ്തുനികുതിയിലെ ഇളവ്

നികുതി നിർണ്ണയിച്ചത് = റൂമിന്റെ വിസ്തീർണ്ണം x 40 +20% വർദ്ധനവ്

നികുതി നിർണ്ണയിക്കേണ്ടത് = റൂമിന്റെ വിസ്തീർണ്ണം x 60 +20% വർദ്ധനവ്

| കെട്ടിട നം | വിസ്തീർണ്ണം | നികുതി നിർണ്ണയിച്ചത്(₹40/ച.മീ ) | നിർണ്ണയിക്കേണ്ടത് (₹60/ച.മീ ) | വ്യത്യാസം |
|---|---|---|---|---|
| 210 A | 19.93 | 957 | 1435 | 478 |
| 210 B | 19.93 | 957 | 1435 | 478 |
| 210 C | 63.8 | 3063 | 4594 | 1531 |
| 210 D | 41.69 | 2002 | 3002 | 1000 |
| 210 E | 24.98 | 1200 | 1799 | 599 |
| 210 F | 29.89 | 1435 | 2152 | 717 |
| 201 G | 30.36 | 1386 | 2186 | 800 |
| | | 11000 | 16603 | 5603 |

ചട്ട വിരുദ്ധമായി നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ 5603 രൂപ കുറവ് ഉണ്ടായിട്ടുണ്ട് . ഇത്തരത്തിൽ നികുതി നിർണ്ണയിച്ചതിന് വിശദീകരണം നൽകേണ്ടതും, പഞ്ചായത്തിൽ ഇത്തരത്തിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

2) 15-ാം വാർഡിൽ ( പെർമിറ്റ് നം എ3-4155/15 , 602.94 ച.മീ ) നിർമ്മിച്ച 597.76 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ (ക്വാർട്ടേഴ്സ് - A2 ഒക്യുപെൻസി)വസ്തുനികുതി നിർണ്ണയിച്ചതിൻ താഴെ പറയുന്ന അപാകതകൾ കാണുന്നു . കെട്ടിടത്തിലെ 8 ക്വാർട്ടേഴ്സുകൾക്ക് 15/142 A,B,C,E,F,G,H,I എന്നീ നമ്പറുകൾ നൽകിയിട്ടുണ്ട് . ഒരു ക്വാർട്ടേഴ്സിന് 74.72 ച.മീ വിസ്തീർണ്ണമുണ്ട് . കെട്ടിടം സ്ഥിതി ചെയ്യുന്നത് പ്രാഥമിക മേഖലയിലാണ് (വാർഡ് ക്ലർക്കിന്റെ 9.06.2016 ലെ അന്വേഷണ റിപ്പോർട്ടിൽ കെട്ടിടം സ്ഥിതി ചെയ്യുന്നത് പ്രാഥമിക മേഖലയിലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്). പെർമിറ്റിന് സമർപ്പിച്ച അപേക്ഷക്കൊപ്പം ലഭ്യമാക്കിയ വില്ലേജ് ഓഫീസിൽ നിന്നുള്ള സൈറ്റ് മാപ്പിൽ സൈറ്റിന് സമീപമുള്ളത് 8 മീറ്റർ വിസ്തീർണ്ണമുള്ള പി.ഡബ്ല്യു.ഡി. റോഡാണ് ( നിരവിൽപ്പുഴ – കുഞ്ഞോം റോഡ്). അതിനാൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതാണ്. അതിനാൽ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവുണ്ടായിട്ടുണ്ട്.

a)നികുതി നിർണ്ണയിക്കേണ്ടത്

മേഖല – പ്രഥമം ( വർദ്ധനവോ , ഇളവോ ഇല്ല ), വഴി സൗകര്യം - 5 മീ കൂടുതൽ ( 20% വർദ്ധനവ് )

വാർഷിക വസ്തു നികുതി = അടിസ്ഥാന വസ്തുനികുതി + അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവ് - അടിസ്ഥാന വസ്തുനികുതിയിലെ ഇളവ്

ഒരു ക്വാർട്ടേഴ്സിന്റെ വാർഷിക വസ്തു നികുതി = 74.72x 30 + 20 % വർദ്ധനവ് ( വഴി സൗകര്യം ) = 2242+448=2690

കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി = 8x 2690 = 21520രൂപ

b)നികുതി നിർണ്ണയിച്ചത്

മേഖല – ത്രിതീയം ( 20% കുറവ് ), വഴി സൗകര്യം - 1.5 മീ കൂടുതൽ ( വർദ്ധനവോ , ഇളവോ ഇല്ല )

വാർഷിക വസ്തു നികുതി = അടിസ്ഥാന വസ്തുനികുതി + അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവ് - അടിസ്ഥാന വസ്തുനികുതിയിലെ ഇളവ്

ഒരു ക്വാർട്ടേഴ്സിന്റെ വാർഷിക വസ്തു നികുതി = 74.72x 30 + 20 %കുറവ് ( മേഖല – തൃതിയം ) = 2241.6 – 448.32 = 1794

കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി = 8x 1794 = 14352രൂപ

നികുതി നിർണ്ണയിച്ചതിലെ വ്യത്യാസം = a-b = 21520 – 14352 = 7168 രൂപ

ചട്ട വിരുദ്ധമായി നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ 7168 രൂപ കുറവ് ഉണ്ടായിട്ടുണ്ട് . ഇത്തരത്തിൽ നികുതി നിർണ്ണയിച്ചതിന് വിശദീകരണം നൽകേണ്ടതും പഞ്ചായത്തിൽ ഇത്തരത്തിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

## 2-2 തൊഴിൽ നികുതി - രേഖകൾ പൂർണ്ണമല്ല

2016-17 വർഷത്തെ തൊഴിൽനികുതി അനുബന്ധ രേഖകൾ പൂർണ്ണമല്ല . സ്ഥാപന രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല . ഡിമാന്റ് രജിസ്റ്റർ എഴുതി പൂർത്തീകരിക്കുകയോ സംക്ഷിപ്തം എഴുതുകയോ ചെയ്തിട്ടില്ല . തൊഴിൽ നികുതി റിട്ടേണുകൾ ക്രമത്തിൽ സൂക്ഷിച്ചിട്ടില്ല .എല്ലാ റിട്ടേണുകളും ഡിമാന്റ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്തിട്ടില്ല .

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണം നംപർ – 17 /10.8.17 ) അപാകതകൾ പരിഹരിച്ച് തൊഴിൽ നികുതി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് .

## 2-3 വാടക കുടിശ്ശിക ഈടാക്കാത്തത്

2015-16 ൽ വാർഷിക കണക്കിൽ 25400 രൂപ വാടക ഇനത്തിൽ കുടിശ്ശിക ഉണ്ടായിരുന്നത് 2016- 17 വാർഷിക കണക്കിൽ പ്രതിഫലിക്കുകയോ , തൻവർഷ

പിരിവായി വരുകയോ ചെയ്തിട്ടില്ല .

2015-16 ൽ 6 മുറികൾ വാടകയ്ക്ക് നൽകിയിരുന്നുവെങ്കിലും ബസ്സ്റ്റാന്റിന് അടിസ്ഥാന സൗകര്യമില്ലാത്തതിനാൽ വാടകക്കാർ വാടക തുക അടയ്ക്കാത്തതിനാൽ 2015-16 വർഷത്തിൽ കുടിശ്ശികയായി മേൽ തുക വന്നതെന്നും ഭരണസമിതിയുടെ 11.07.2016 ലെ 108/2016 -ാം നമ്പർ തീരുമാനമാനമായി കെട്ടിടത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ വാടകയ്ക്ക് നൽകിയത് നിമിത്തമാണ് വാടകക്കാർ കുടിശ്ശിക വരുത്തിയതെന്നും ആയതിനാൽ വാടകക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട് . ആയതിന്റെ അടിസ്ഥാനത്തിലാണ് തുക ഈടാക്കാതിരുന്നതെന്നും, വാടകക്കാരിൽ നിന്നും ഈടാക്കിയ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി പഞ്ചായത്തിനുണ്ടായ നഷ്ടം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1. ക്യാഷ് ബുക്കിൽ വിവരങ്ങൾ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്

2016-17 സാമ്പത്തിക വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയത് പരിശോധിച്ചതിൽ, തൻവർഷം ട്രഷറി ബിൽ ബുക്ക് പ്രകാരം പിൻവലിച്ച താഴെപ്പറയുന്ന തുകകൾ ക്യാഷ് ബുക്കിൽ ചേർത്തതായി കാണുന്നില്ല.

| ക്രമ നം | ബിൽ നം | തീയതി | തുക | ഇനം/ പ്രോജക്ട് |
|---|---|---|---|---|
| 1 | 3/16-17 | 23/2/17 | 180000 | പി.എം.എ.വൈ വിഹിതം ( പൊതു വിഭാഗം) |
| 2 | 4/16-17 | 23/2/17 | 1800000 | പി.എം.എ.വൈ വിഹിതം (പട്ടിക വർഗ്ഗം) |
| 3 | 5/16-17 | 23/3/17 | 50000 | പി.എം.എ.വൈ വിഹിതം ( പട്ടിക |

| | | | | |
|---|---|---|---|---|
| | | | | ജാതി) |
| 4 | 7/16-17 | 29/03/17 | 260000 | ഭവന നിർമ്മാണം (വിധവ) |
| 5 | 9/16-17 | 29/03/17 | 170000 | ഭവന പുനരുദ്ധാരണം |
| 6 | 10/16-17 | 30/03/17 | 200000 | ഐ.എ.വൈ, അധിക വിഹിതം |
| 7 | 11/16-17 | 30/03/17 | 150000 | ഭൂരഹിതരായ പട്ടിക ജാതിക്കാർക്ക് സ്ഥലം വാങ്ങൽ |

മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച തുക ക്യാഷ് ബുക്കിൽ ചേർക്കാത്തതിന്റെ കാരണം (രേഖകൾ സഹിതം )ഓഡറ്റിന് വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8തീയതി 07/08/17 ക്ക് നൽകിയ മറുപടിയിൽ തുക ഓൺലൈനായി ട്രാൻസ്ഫർ ചെയ്തതാണെന്നും തുക മനപ്പൂർവ്വം ക്യാഷ്ബുക്കിൽ ചേർക്കാത്തതല്ലെന്നു അറിയിച്ചിട്ടുണ്ട്. ക്യാഷ് ബുക്കിൽ ചേർക്കാത്ത തുകകൾ ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## **3-2** <u>വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കൽ</u>

പ്രോജക്ടിന്റെ നമ്പർ - എസ്. 0141/17

പ്രോജക്ടിന്റെ പേര് - വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കൽ

അടങ്കൽ - വികസന ഫണ്ട് - 200000 /- രൂപ

ഗുണഭോക്താക്കൾ എടുക്കുന്ന ബാങ്ക് വായ്പ - 300000 /- രൂപ

തുക പിൻവലിച്ചത് - ബിൽ നം 6/16-17 തീയതി 29/03/2017 തുക - 200000 /- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമ പഞ്ചായത്തിലെ അംഗീകരിച്ച തെരഞ്ഞെടുക്കപ്പെട്ടതും ഗ്രാമ സഭ അംഗീകരിച്ചതുമായ സ്വയം സഹായ സംഘങ്ങൾക്ക് കോറോം ടൗണിൽ ഹോട്ടൽ ആരംഭിക്കുന്നതിന് എടുത്തിട്ടുള്ള 500000 രൂപ ബാങ്ക് വായ്പക്ക് ബാക്ക് എന്റ് സബ്സിഡി അനുവദിക്കുകയാണ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. പദ്ധതി ഗുണഭോക്താവായി തനിമ സ്വയം സഹായ സംഘത്തെ തെരഞ്ഞെടുക്കുകയും മേൽ ബിൽ പ്രകാരം പിൻവലിച്ച തുക ബാക്ക് എന്റ് സബ്സിഡിയായി നൽകുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു

1) തെരഞ്ഞടുത്ത ഗുണഭോക്തൃ ഗ്രൂപ്പ് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

2) ഗ്രൂപ്പിന് വായ്പ അനുവദിച്ച തൊണ്ടർനാട് സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയുടെ 15/03/17 ലെ കത്ത് പ്രകാരം 500000 /- രൂപ സംഘത്തിന് വായ്പ അനുവദിച്ച എന്നാണ്. എന്നാൽ ഹാജരാക്കിയ ലോൺ പാസ്സ് ബുക്ക് പ്രകാരം 300000/- രൂപയാണ് വായ്പ വാങ്ങിയിട്ടുള്ളത്. വായ്പ തുക 300000/- രൂപയാണെന്നിരിക്കെ 200000/- രൂപ സബ്സിഡി നൽകി. പ്രോജക്ട് പ്രകാരം 500000/- രൂപ വായ്പ തുകയ്ക്കാണ് സബ്സിഡി 200000/- രൂപ അനുവദിക്കേണ്ടത്. പ്രോജക്ടിന്റെ അനുപാതത്തിൽ സബ്സിഡി കണക്കാക്കിയാൽ 300000/- രൂപ വായ്പ തുകയ്ക്ക് 120000/- രൂപ സബ്സിഡിക്ക് മാത്രമേ അർഹതയുള്ളു.

3) വായ്പ തുക ഉപയോഗിച്ച് സംരംഭത്തിന് ആവശ്യമായ ആസ്തികൾ ആർജിച്ചതിന്റെ വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിക്കുകയോ ബോധ്യപ്പെടുകയോ ചെയ്തിട്ടില്ല. ഇവ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

4) സംഘത്തിന്റെ വരവ് ചെലവുകളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കുകയോ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. സംഘത്തിന്റെ വരവ് ചെലവ് കണക്കുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

5) സംരംഭത്തിനായി എടുത്ത വായ്പ തുക അംഗങ്ങൾക്കിടയിൽ വായ്പ നൽകുന്നതിനായി ഉപയോഗിക്കുന്നു. ഇത് സംഘത്തിന്റെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പദ്ധതിക്കും സബ്സിഡി മാർഗ്ഗ രേഖയ്ക്കും വിരുദ്ധമാണ്.

6) സ്വാശ്രയ സംഘം എടുത്ത വായ്പ തുക തിരിച്ചടവ് കൃത്യമായി നടത്തുന്നില്ല

7) സ്വാശ്രയ സംഘവുമായി ഏർപ്പെട്ടിട്ടുള്ള കരാർ പത്രം ഹാജരാക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുകയും വേണം .കൂടാതെ സ്വാശ്രയ സംഘത്തിന്റെ പ്രവർത്തനം , നിർവ്വഹണ ഉദ്യോഗസ്ഥനുമായി ഏർപ്പെട്ട കരാറിന് വിരുദ്ധമാണോ എന്ന് പരിശോധിച്ച്

വിലയിരുത്തേണ്ടതും കരാർ ലംഘനം നടത്തുന്ന പക്ഷം നടപടി സ്വീകരിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 7തീയതി 07/08/17) മറുപടിയിൽ ഹോട്ടൽ തുടങ്ങുന്നതിനുള്ള ഡെപ്പോസിറ്റ് തുക അടക്കം ആകെ ആസ്തി 179309/- രൂപയാണ് ആസ്തി നേടുന്നതിനായി ചെലവഴിച്ചിട്ടുള്ളത്. സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി വാങ്ങിയ വായ്പ തുക ആസ്തികളും പ്രവർത്തന മൂലധനമോ ആക്കിമാറ്റാതെ അംഗങ്ങൾക്കിടയിൽ വായ്പ നൽകുന്നതിനും മറ്റും ഉപയോഗിക്കുന്നത് ക്രമ വിരുദ്ധവും പദ്ധതി ലക്ഷ്യത്തിന് ഉതകാത്തതുമാണ്. മാത്രമല്ല അനുവദിക്കപ്പെട്ട വായ്പ തുക മുഴുവനും സംഘാംഗങ്ങൾ പദ്ധതിക്കായി വാങ്ങിയിട്ടില്ല. അനുവദിക്കപ്പെട്ട 5 ലക്ഷം രൂപ വായ്പ തുകയിൽ 300000/- രൂപ മാത്രമേ വായ്പയായി വാങ്ങിയിട്ടുള്ളൂ. ആയതിൽ തന്നെ 120681/- രൂപയുടെ കണക്ക് വ്യക്തമാക്കാൻ സംഘത്തിന് സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ സബ്സിഡി നൽകിയത് സംബന്ധിച്ച് വിശദമായി പരിശോധിക്കേണ്ടതാണ്. സംരംഭം കരാർ പ്രകാരം കൃത്യമായി നടത്തുന്ന പക്ഷം മാത്രം അർഹമായ സബ്സിഡി തുക സംഘത്തിന്റെ വായ്പ മേൽ നൽകേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതുമാണ്. ചെലവഴിച്ച 200000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 അസി.എഞ്ചിനീയർ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

അസി.എഞ്ചിനീയർ രേഖകൾ തൃപ്തികരമായവിധം സൂക്ഷിക്കാത്തതായി കാണുന്നു.

വിശദവിവരം താഴെ കൊടുക്കുന്നു.

1- ക്യാഷ്ബുക്ക് നിർദ്ദിഷ്ട മാതൃകയിൽ എഴുതി സൂക്ഷിക്കുന്നില്ല. സാധാരണ സ്വകാര്യ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന 'അക്കൗണ്ട് ബുക്കി'ലാണ് അസി.എഞ്ചിനീയർ തൻവർഷം ഇടപാടുകൾ എഴുതിട്ടുള്ളത്. ഈ രജിസ്റ്റർ തന്നെ യഥാവിധം ക്ലോസ് ചെയ്യുകയോ മുൻബാക്കി-നീക്കിബാക്കി തുകകൾ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/16-17/8.8.2017) അസി.എഞ്ചിനീയർ നല്കിയ മറുപടിയിൽ നിലവിൽ നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

2) അസി.എഞ്ചിനീയറുടെ പേരിൽ കനറാബാങ്ക് കോറോം ശാഖയിലുള്ള അക്കൗണ്ടിൽ (നം.1042101019074) 31.3.17 ൽ 108733/- രൂപ നീക്കിബാക്കിയുണ്ട്. ഈ തുക ക്യാഷ്ബുക്കിൽ കാണിച്ചിട്ടില്ല. 01.7.17ന് (ലഭ്യമായ ഒടുവിലത്തെ തിയ്യതിയിൽ) ഈ അക്കൗണ്ടിൽ 146447/- രൂപ നീക്കിബാക്കിയുണ്ട്. ഈ തുക ഏതിനത്തിലേതാണെന്ന് വ്യക്തമാക്കണമെന്നും,അതിന്റെ വിശദവിവരങ്ങൾ നല്കണമെന്നും ചൂണ്ടിക്കാണിച്ച് നല്കിയഓഡിറ്റ് എൻക്വയറിക്ക് (നം. 11/16-17/8.8.2017) അസി.എഞ്ചിനീയർ നല്കിയ മറുപടിയിൽ ഈ തുക കാലാകാലങ്ങളിലായി ലഭിച്ച പലിശയും, ടാർ ബാരൽ വിലയും ഉള്ള തുകയാണ് എന്നും തുകകൾ തിട്ടപ്പെടുത്തി അതാത് അക്കൗണ്ടുകളിൽ

ഒടുക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഒടുക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) അസി.എഞ്ചിനീയർ 2016-17 വർഷത്തിൽ ചുവടെ വിവരിച്ച പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വില/ഫീ ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | പ്രോജക്ട് നം | പ്രവൃത്തി | അടങ്കൽ | ഫോറം വില | ആകെ ടെണ്ടറുകൾ | തുക |
|---|---|---|---|---|---|---|
| 1 | S240/ 17 | നിരവിൽപ്പുഴ ബസ്റ്റാന്റ് ഡ്രെയിനേജ് നിർമ്മാണം | 1705949 | 3500+ വാറ്റ് | 2 | 7000 |
| 2 | S-236/17 | നിരവിൽപ്പുഴ സാംസ്കാരികനിലയം നിർമ്മാണം | 1664150 | 3400+ വാറ്റ് | 1 | 3400 |
| | ആകെ | | | | | 10400 |

ഓഡിറ്റിനായി സമർപ്പിച്ച വാർഷിക കണക്ക് പ്രകാരം (RP-5) 317300/- രൂപ ടെണ്ടർ ഫോറം വിലയിനത്തിൽ വരവുണ്ട്. എന്നാൽ മേൽ 10400/- രൂപ വരവായി ലഭിച്ചത് ഈ കണക്കിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയഓഡിറ്റ് എൻക്വയറിക്ക് ( നം. 11/16-17/8.8.2017 ) അസി.എഞ്ചിനീയർ നല്കിയ മറുപടിയിൽ 'നിലവിൽ അപ് ലോഡ് ചെയ്തിരിക്കുന്ന കംപ്യൂട്ടർ പ്രോഗ്രാം പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരുന്നതെന്നും, തുക പഞ്ചായത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫോറം ഫീ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

4) തൻവർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സൃഷ്ടിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയഓഡിറ്റ് എൻക്വയറിക്ക് (നം. 11/16-17/8.8.2017) അസി.എഞ്ചിനീയർ നല്കിയ മറുപടിയിൽ രജിസ്റ്റർ പൂർത്തീകരിച്ച് ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 3-4 ബിൽ തുക അനുവദിച്ചതില അപാകതനിമിത്തം അധികച്ചെലവ്

അസി.എഞ്ചിനീയർ തൻവർഷം നടപ്പാക്കിയ പ്രോജക്ട് നമ്പർ 146/17 കൂട്ടപ്പാറ

അങ്കണവാടി റിപ്പയർ പ്രവൃത്തിയുടെ ബിൽതുക അനുവദിച്ചതിൽ അപാകതകൾ കാണുന്നു. ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പാക്കിയ ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് 7.5% ഓവർഹെഡ് ചാർജ്ജുകൾ കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. അതിനാൽ ബില്ലിൽ നിന്നും ഈടാക്കേണ്ട നികുതികൾ മുതലായവ മൂല്യനിർണ്ണയ തുകയിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ നികുതികൾ മൂല്യനിർണ്ണയത്തോടൊപ്പം വീണ്ടും കൂട്ടിയതിനാൽ അത്രയും തുക അധികമായി ചെലവഴിക്കേണ്ടി വന്നതായി കാണുന്നു. വിശദവിവരം താഴെക്കൊടുക്കുന്നു.

ട്രഷറി ബിൽ നമ്പർ 52/16-17 തീയതി 31/03/17 തുക 250000/-

എസ്റ്റിമേറ്റ് നിരക്കിൽ മൂല്യനിർണ്ണയം - 2,37,486/-

നികുതികൾ കൂട്ടിയത്

വാറ്റ് 5% - 11874/-

ആദായ നികുതി 1 % - 2375/-

തൊ. ക്ഷേമനിധി 1 % - 2375/-

- 16624/- - 16,624/-

ആകെ - 2,54,110/-

അടങ്കലിൽ പരിമിതപ്പെടുത്തിയത് - 2,50,000/-

കൺവീനർക്ക് അനുവദിച്ച തുക ( 2,50,000 - 16624= ) 2,33,376/-

കൺവീനർക്ക് അനുവദിക്കാവുന്ന തുക (2,37,486 -16624=) - 2,20,862/-

അധികം നല്കിയ തുക (2,33,376 - 2,20,862 =) - 12,514/-

അധികം നല്കിയ തുക 12,514/- രൂപ അനുവദനീയമല്ലാത്തചെലവുകളിൽ പെടുത്തുന്നു.

ഇക്കാര്യത്തിൽ അനന്തര അന്വേഷണം നടത്തി സമാനമായ മറ്റ് വർക്കുകളിൽ അധികതുക നല്കാനിടയായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും അനർഹമായി തുക നല്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

ബി) തൻവർഷം MORD ൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ 10% കരാറുകാരന്റെ ലാഭവിഹിതവും ,10% ഓവർഹെഡ് ചാർജ്ജും വീതം അനുവദിച്ചതായി കാണുന്നു. എന്നാൽ DAR ൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ ലാഭവിഹിതവും ഓവർഹെഡ് ചാർജ്ജും ചേർത്ത് 15%ആണ് അനുവദിച്ചിട്ടുള്ളത്. അതനുസരിച്ച് 5% ത്തിന്റെ വ്യത്യാസം കാണുന്നു. ഇക്കാര്യത്തിൽ അനന്തര പരിശോധന നടത്തേണ്ടതും അപാകതകളില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

മാത്രമല്ല, മേൽ പ്രകാരം MORD ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ആകെ ചെലവിനോടൊപ്പം 10% ഓവർഹെഡ് ചാർജ്ജ് കൂട്ടിയ തുകയിൻമേൽ 10% കരാറുകാരന്റെ ലാഭവിഹിതം നല്കുന്നതിനാൽ ഓവർഹെഡ് ചാർജ്ജിനും കരാറുകാരന്റെ ലാഭവിഹിതം നല്കുന്ന സാഹചര്യം നിലനിൽക്കുന്നു. ഇക്കാര്യത്തിലും അനന്തര പരിശോധന നടത്തേണ്ടതും അപാകതകളില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 3-5 തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചത് -കൈപ്പറ്റ് വിവരം ഇല്ലാത്തത്

അസി.എഞ്ചിനീയർ തൻവർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ഈടാക്കിയ തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചത് കേരള സംസ്ഥാന തൊഴിലാളി ക്ഷേമനിധി ബോർഡിൽ കൈപ്പറ്റിയതായി രേഖകളില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഡി. ഡി. നം. തിയ്യതി | തുക(രൂപ) | റിമാർക്സ് |
|---|---|---|---|
| 1 | 654707/04.10.16 | 38630 | ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി. ആയി അയച്ചത് |
| 2 | 654884/10.01.17 | 3623 | ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി. ആയി അയച്ചത് |
| 3 | 654995/03.03.17 | 14236 | ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി. ആയി അയച്ചത് |
| | ആകെ | 56489 | |

രേഖകളുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/16-17/8.8.2017) നല്കിയ മറുപടിയിൽ രശീത് ലഭ്യമാക്കുന്നതിന്

നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ചെലവഴിച്ച തുക 56489/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-6 വനിതാ സ്വയം സഹായ സംഘങ്ങൾക്ക് മുട്ടക്കോഴി വിതരണം- ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല- 4,65,696 രൂപ തടസ്സപ്പെടുത്തുന്നു.

വനിതാ സ്വയം സഹായ സംഘങ്ങൾക്ക് മുട്ടക്കോഴി വിതരണം പദ്ധതിയിൽ കോഴിക്കുഞ്ഞുങ്ങളെ ടെണ്ടർ നടപടി കൂടാതെ സ്വകാര്യ സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തു. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം - S-57/17

പ്രോജക്ടിന്റെ പേര് - വനിതാ സ്വയം സഹായ സംഘങ്ങൾക്ക് മുട്ടക്കോഴി വിതരണം

അടങ്കൽ - 7,87,417/-(വികസന ഫണ്ട് -5,90,625

ഗു.വിഹിതം - 1,96,792).

ചെലവ് - 6,21,000/-(വികസന ഫണ്ട്-4,65,696

ഗു.വിഹിതം - 1,55,304).

ബിൽ നം - 05/16-17/30.03.2017

കുടുംബശ്രീക്ക് കീഴിൽ രജിസ്റ്റർ ചെയ്ത സ്വയം സഹായ സംഘങ്ങൾക്ക് മുട്ടക്കോഴി വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ദ്വാരക എസ് ആന്റ് ടി പൗൾട്രി ഫാമിൽ നിന്നും ടെണ്ടർ നടപടി കൂടാതെ 5400 കോഴിക്കുഞ്ഞുങ്ങളെ വാങ്ങി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു നൽകിയ 125 കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങൾക്ക് വിതരണം ചെയ്തു. ഓഡിറ്റ് വർഷം പട്ടികവർഗ്ഗ കുടുംബശ്രീ യൂണിറ്റുകൾക്ക് മുട്ടക്കോഴി വാങ്ങി വിതരണം എന്ന പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കുകയും ഗ്രാമപഞ്ചായത്തിന്റെ 15.02.2017 ലെ 11 നം തീരുമാനം പ്രകാരം എസ് ആന്റ് ടി പൗൾട്രി ഫാമിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്കായി മേൽ സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടി കൂടാതെ വാങ്ങലുകൾ നടത്തി. ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/16-17/തീയ്യതി 07.08.2017)ക്ക് മറുപടി നൽകിയിട്ടില്ല.ടെണ്ടർ നടപടി ക്രമം കൂടാതെയുള്ള വാങ്ങലുകൾക്കായി ചെലവഴിച്ച 4,65,696/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-7 വാങ്ങൽ നടത്തിയതിന്റെ ബിൽ സമർപ്പിക്കാതെ തുക കൈമാറി -

പട്ടിക വർഗ്ഗ പണിയ വിഭാഗത്തിലെ വനിതകൾക്ക് പെണ്ണാട് വിതരണം എന്ന പദ്ധതിക്കായി ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റിയിൽ നിന്നും ആട്ടുകളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ബിൽ ലഭ്യമായിട്ടില്ല.

പ്രോജക്ട് നം - S-84/17

പ്രോജക്ടിന്റെ പേര് - പട്ടികവർഗ്ഗ പണിയ വിഭാഗത്തിലെ

വനിതകൾക്ക് പെണ്ണാടുകളെ വാങ്ങി നൽകൽ

അടങ്കൽ - 10,50,000/ (ടി.എസ്.പി -787500/-)

ഗു.വിഹിതം - 262500/-).

ചെലവ് - 2,20,000/-(വികസന ഫണ്ട്-165000

ഗു.വിഹിതം - 55000).

ബിൽ നം - 04/16-17/30.03.2017

പട്ടിക വർഗ്ഗ പണിയ വിഭാഗത്തിലെ 105 വനിതകൾക്ക് 2 വീതം ആടുകളെ വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. ഗ്രാമപഞ്ചായത്തിൽ നിന്നും അംഗീകരിച്ച നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടതും ഗുണഭോക്തൃ വിഹിതം അടച്ചതുമായ 22 വ്യക്തികൾക്ക് 2 വീതം ആടുകളെ വാങ്ങി നൽകി. 2,20,000 രൂപ 09.05.2017 ന് RTGS വഴി ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റിക്ക് നൽകിയതിന്റെ രേഖമാത്രമാണ് ഫയലിൽ ഉള്ളത്. മേൽ സ്ഥാപനത്തിന്റെ ബിൽ സമർപ്പിച്ചിട്ടില്ല. ആയതിനാൽ എത്ര ആടുകളെ വാങ്ങിയെന്ന വിവരം ഫയലിൽ നിന്നും ലഭ്യമല്ല. വിതരണം ചെയ്ത ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖയില്ല. ജി.ഒ(എം.എസ്).04/2016/ത.സ്വ.ഭ.വ തീയ്യതി 11.06.2016 പ്രകാരം കുറഞ്ഞത് മൂന്ന് ആടുകളെ വാങ്ങേണ്ടതും ഇവയ്ക്ക് പരമാവധി സബ്സിഡി 15,000 രൂപയും അനുവദിക്കാവുന്നതുമാണ്. അതായത് 3 ആടുകളെ വാങ്ങുന്നതിന് പകരം രണ്ട് ആടുകളെ വീതം വാങ്ങിയത് സബ്സിഡി മാർഗ്ഗരേഖ വിരുദ്ധമാണ്. യഥാർത്ഥ ബിൽ സമർപ്പിക്കാതെ തുക നല്കിയതിനാൽ 165000/- രൂപ തടസ്സപ്പെടുത്തുന്നു.

## **3-8** <u>സർക്കാർ അനുമതിയില്ലാത്ത ഇനങ്ങളിൽ തുക ചെലവഴിച്ച- **2,46,236/-**രൂപ നിരാകരിക്കുന്നു.</u>

ഹെഡ് മാസ്റ്റർ നടപ്പാക്കിയ ഒപ്പം ഒപ്പത്തിനൊപ്പം പദ്ധതിയിൽ സർക്കാർ അനുമതിയില്ലാത്ത ഇനങ്ങളിൽ തുക ചെലവഴിച്ചു. പദ്ധതിയുടെ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്ടിന്റെ പേര് - ഒപ്പം ഒപ്പത്തിനൊപ്പം

അടങ്കൽ - 4,99,000/-(ടി.എസ്.പി).

ചെലവ് - 4,75,986/-

1.ബിൽ നം - 05/16-17/23.02.2017 – 2,19,000/-

2.ബിൽ നം - 06/16-17/28.03.2017 – 1,50,000/-

3.ബിൽ നം - 08/16-17/28.03.2017 – 97,986/-

4.ബിൽ നം - 15/16-17/30.03.2017 – 9,000/-

സമൂഹത്തിലെ വിവിധ മേഘലകളിൽ പിന്നോക്കം നിൽക്കുന്ന പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതിയാണ് ഒപ്പം ഒപ്പത്തിനൊപ്പം. കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക, ഉല്ലാസ യാത്ര സംഘടിപ്പിക്കുക, കുട്ടികൾക്ക് ബ്യൂട്ടി കിറ്റ് എന്നിവ വാങ്ങി നൽകുക എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. ഇതിൽ ഉല്ലാസ യാത്ര,ബ്യൂട്ടി കിറ്റ് എന്നിവയ്ക്ക് യഥാക്രമം 1,50,000/-, 97,986/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ ഇനങ്ങളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1.ഗോത്ര വിദ്യാർത്ഥികൾക്ക് പഠനയാത്ര- ചെലവ് 1,50,000/- രൂപ.

1. സർക്കാർ ഉത്തരവ് (എം.എസ്)04/2016/ത.സ്വ.ഭ.വ തീയ്യതി 11.01.2016 പ്രകാരം ഉൽപ്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പെയിനുകൾ ക്യാമ്പുകൾ,മേളകൾ,ഉത്സവങ്ങൾ,സെമിനാറുകൾ,ഉല്ലാസ-പഠനയാത്രകൾ,സമ്മേളനങ്ങൾ,ആദരിക്കൽ തുടങ്ങിയവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല. ഉല്ലാസ മേളകൾ യാത്രകൾ എന്നിവ നടത്താൻ പാടുള്ളതല്ല.
2. പഠന യാത്ര നടത്തുന്നതിന് ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചു. ടെണ്ടർ/ക്വട്ടേഷൻ അപ്രായോഗ്യമായ ഇനങ്ങളിൽ തുക രേഖപ്പെടുത്തി (ഉദാ- ഭക്ഷണ ചെലവ്, വാട്ടർ തീം പാർക്കിലേക്കുള്ള പ്രവേശന ഫീസ് എന്നിങ്ങനെ). പ്രസ്തുത ടെണ്ടർ ഗ്രാമപഞ്ചായത്തിന്റെ 03.03.2017 ലെ 1(9) തീരുമാനം പ്രകാരം അംഗീകാരം നൽകി. പഠനയാത്രയിൽ ബസ് വാടക 40,000/-,പ്രവേശന ഫീസ് 66,500/-, ഭക്ഷണചെലവ് - 42,750/- എന്നിങ്ങനെ ചെലവഴിച്ചു.
3. യാത്ര പോകുന്നതിന് വാടകയ്ക്ക് എടുത്ത വാഹനങ്ങളുടെ ട്രിപ്പ്ഷീറ്റ് വാങ്ങിയിട്ടില്ല.

2.വിദ്യാർത്ഥികൾക്ക് ബ്യൂട്ടി കിറ്റ് - 97,986/- രൂപ.

1. സർക്കാർ ഉത്തരവ് നം .04/2016/ത.സ്വ.ഭ.വ തീയ്യതി 11.01.2016 പ്രകാരം വിദ്യാർത്ഥികൾക്ക് ബ്യൂട്ടി കിറ്റ് വാങ്ങി നൽകുന്നതിന് അനുമതിയില്ല. കുട്ടികൾക്ക് പെർഫ്യൂം,ചീർപ്പ്,നഖം വെട്ടി,കണ്ണാടി,എന്നിങ്ങനെയുള്ള സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങി നൽകി.

2. ക്വട്ടേഷനിൽ രേഖപ്പെടുത്തിയ നിരക്കിൽ അധികരിച്ച് സാധനങ്ങൾ വാങ്ങി വിതരണം ചെയ്തു. ക്വട്ടേഷൻ പ്രകാരം പെർഫ്യൂമിന് നൽകേണ്ട വില 50 രൂപയാണ്. എന്നാൽ സ്ഥാപനത്തിന്റെ ബിൽ പ്രകാരം 70 രൂപയാണ്. ഇപ്രകാരം 379 പെർഫ്യൂം വാങ്ങിയതിന് 7580/- രൂപ അധികം നൽകി. ക്വട്ടേഷൻ സ്വീകരിച്ച സ്ഥാപനത്തിന്റെ വാറ്റ് രജിസ്ട്രേഷനിലുള്ള ബിൽ സമർപ്പിച്ചിട്ടില്ല. ക്യാഷ് ബിൽ പ്രകാരമാണ് തുക അനുവദിച്ചത്. 14,208/- രൂപ വാറ്റ് ഇനത്തിൽ ടിയാളിൽ നിന്നും ഈടാക്കി ട്രഷറിയിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.ചെലവഴിക്കാത്ത 1750 രൂപ ട്രഷറിയിൽ തിരിച്ചടച്ചിട്ടുണ്ട്.

ഈ വിഷയങ്ങൾ വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/16-17/08.08.2017)ക്ക് നൽകിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ മേൽ പദ്ധതിക്ക് ചെലവഴിച്ച 2,46,236 (150000 +96236 ) രൂപ നിരാകരിക്കുന്നു.

## **3-9** <u>ജലനിധി വിഹിതം അടക്കൽ - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.</u>

l പ്രോജക്ട് നമ്പർ - 27/2017

പ്രോജക്ടിന്റെ പേര് - ജലനിധി വിഹിതം അടയ്ക്കൽ

അടങ്കൽ - വികസനഫണ്ട് - ജനറൽ - 1000000/- രൂപ

ബിൽ നമ്പർ - 12/16-17 തീയതി - 23/02/17 തുക – 900000/- രൂപ

ബിൽ നമ്പർ - 20/16-17 തീയതി - 10/03/17തുക – 100000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിനായി മേൽ പദ്ധതി തയ്യാറാക്കുകയും തുക ട്രഷറിയിൽ നിന്നും പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പ്രോജക്ടുകളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയത് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പ്രോജക്ട് നമ്പർ - 27/2017 ന് വകയിരുത്തിയ മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച 1000000/- രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ജലനിധി A/c No. 1042101022914, കാനറ ബാങ്ക് തൊണ്ടർനാട് ബ്രാഞ്ചിൽ നിക്ഷേപിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ രേഖകൾ ഇല്ല. മേൽ പദ്ധതി പ്രകാരം തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

2) ഗുണഭോക്തൃ കമ്മിറ്റികൾ ആവശ്യപ്പെടുന്ന തുക സെക്രട്ടറി അനുവദിച്ച് നൽകുന്നതായി കാണുന്നു. ഓരോ തുകയും നൽകുന്നതിന് മുമ്പ് പദ്ധതി പുരോഗതി സംബന്ധിച്ച് സെക്രട്ടറി പരിശോധന നടത്തിയതിൻെറ രേഖകൾ ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ കീഴിൽ സ്വന്തമായി സാങ്കേതിക വിഭാഗം ഉണ്ടായിരിക്കെ, പരിശോധനയ്ക്കായി ആയതിന്റെ സേവനം ആവശ്യമായ സന്ദർഭങ്ങളിൽ സെക്രട്ടറി ഉപയോഗപ്പെടുത്തുന്നതായി കാണുന്നില്ല. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതും , ഗുണഭോക്തൃ കമ്മിറ്റികൾ വാങ്ങുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതും എങ്ങനെയാണെന്ന് വ്യക്തമാക്കേണ്ടതാണ്.

3) ജലനിധിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ എസ്റ്റിമേറ്റ് , പദ്ധതിഗുണഭോക്താക്കളുടെ വിവരം (പട്ടിക വർഗ്ഗം , മറ്റുവിഭാഗം തിരിച്ച്) ഗുണഭോക്തൃ വിഹിതം, ഗ്രാമപഞ്ചായത്ത് വിഹിതം, സർക്കാർ വിഹിതം, നാളിതു വരെ പിൻവലിച്ച ഗ്രാമപഞ്ചായത്ത് വിഹിതം, നാളിതുവരെ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച പട്ടിക വർഗ്ഗക്കാരുടെ ഗുണഭോക്തൃ വിഹിതം , നാളിതുവരെ അടച്ച വിവിധ നികുതികളുടെ വിവരങ്ങൾ എന്നിവ പട്ടിക രൂപത്തിൽ നൽകേണ്ടതാണ്.

4) ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകൾ കട്ട് ചെയ്തിട്ടുണ്ടോ?. അത്തരം റോഡ് കട്ടിംഗിന് ഗ്രാമപഞ്ചായത്തിൽ നിന്നും ഗുണഭോക്തൃ സമിതികൾ നിയമാനുസൃതം അനുമതി വാങ്ങിയിട്ടുണ്ടോ, റോഡ് കട്ടിംഗ് ചാർജ്ജ് ആയി തുക ഒടുക്കിയിട്ടുണ്ടോ , കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിച്ചതിന് ശേഷം റോഡുകൾ പൂർണ്ണമായും പൂർവ്വ സ്ഥിതിയിലാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദ വിവരങ്ങൾ ഓഡിറ്റിൽ നൽകേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10തീയതി 08/08/2017 ക്ക് മറുപടി നലകിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച 1000000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10. ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - 2072 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് നം - 92/17

നിർവ്വഹണോദ്യോഗസ്ഥ - ആയുർവ്വേദ മെഡിക്കൽ ഓഫീസർ

ബിൽ നം - 3/16-17/22.02.17

തുക – 1,93,000/-രൂപ

ഔഷധി സബ്ബ്സെൻ്റർ, പരിയാരം എന്ന സ്ഥാപനത്തിന് 1,93,000/- രൂപ ഡിഡിനം

654969/23.02.2017 പ്രകാരം നൽകിയിട്ടുണ്ട് .

പഞ്ചായത്തിലെ പുതുശ്ശേരി ആയുർവേദ ആശുപത്രി , നിരവിൽപ്പുഴ ആയുർവ്വേദ ആശുപത്രി എന്നിവയിലേക്കാണ് മരുന്നുകൾ വാങ്ങിയത് . മേൽ തുകയിൽ 160928 രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയത്. ബാക്കി 32072 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. ഔഷധിയുമായി ചമച്ച കരാർ പ്രകാരം 60 ദിവസത്തിനകം (സപ്ളൈ ഓർഡർ നൽകിയ തീയ്യതി മുതൽ) മരുന്ന് ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ നാളിതു വരെ ആയത് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/16-17/10.08.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 32072/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-11 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ -തുക നല്കിയതിന് മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥ -ആയുർവേദ മെഡിക്കൽ ഓഫീസർ

പ്രോജക്ട് നം. - 94 /17

ബിൽ നം - 4/16-17/22.02.2017

തുക - 3,60,000/- രൂപ

കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, പാതിരപ്പള്ളി, ആലപ്പുഴ (ഹോംകോ) മാനേജിംഗ് ഡയറക്ടർക്ക് ഡി.ഡി നം 654970/23.02.2017 പ്രകാരം മേൽ തുക നൽകിയിട്ടുണ്ട്. നാളിതു വരെയായും മരുന്ന് ലഭ്യമായിട്ടില്ല . സ്ഥാപനവുമായി കരാർ ഒപ്പു വെച്ചിട്ടില്ല.

മരുന്ന് ലഭ്യമാകാൻ സ്വീകരിച്ച നടപടികളെ കുറിച്ചുള്ള വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 3,60,000/- രൂപ തടസ്സത്തിൽ വെക്കുന്നു .

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് | 160464 | ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ് | 160464 | |
| ജില്ലാ പഞ്ചായത്ത് | 37642 | ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ് | 37642 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തീയ്യതി | വായ്പ തുക | തൻവർഷ വരവ് | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|---|
| 1 | കാരുണ്യ ഭവന പദ്ധതി | | 20000000 | ഇരുപത് ലക്ഷം | 15900000 | 2000000 | പലിശ 1399405 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഇ.എം.എസ് ഭവന വായ്പ | | 17250000 | | 1462134 | 1462134 | | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 102326763 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 94962970 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 258750 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2279257 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-4 | | 12514 | ശ്രീ.അഷ്റഫ്ഖാൻ, അസി.എഞ്ചിനീയർ |
| 3-8 | | 246236 | ശ്രീ.ബഷീർ.എം.കെ, ഹെഡ്മാസ്റ്റർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 200000 | ശ്രീ.ശ്രീജിത്ത്, വി.ഇ.ഒ |
| 3-5 | 14236 | ശ്രീ.അഷ്റഫ്ഖാൻ, അസി.എഞ്ചിനീയർ |
| 3-5 | 42253 | ശ്രീ.ബൈജു എ. അസി. എഞ്ചിനീയർ |
| 3-6 | 465696 | ശ്രീ.ശിവദാസൻ,വെറ്ററിനറി സർജൻ |
| 3-7 | 165000 | ശ്രീ.ശിവദാസൻ,വെറ്ററിനറി സർജൻ |
| 3-9 | 1000000 | ശ്രീ.ബാലകൃഷ്ണൻ, സെക്രട്ടറി |
| 3-10 | 32072 | ഡോ.ശാന്തിനി, മെഡിക്കൽഓഫീസർ (ആയുർവേദം) |
| 3-11 | 360000 | ഡോ.ശാന്തിനി,മെഡിക്കൽഓഫീസർ (ആയുർവേദം) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖ.നം | പേര്,തസ്തിക | ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|

| | | | |
|---|---|---|---|
| 3-4 | ശ്രീ.അഷ്റഫ്ഖാൻ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് | ഫാത്തിമ മന്ദിരം<br>വലിയവേളി പി.ഒ<br>തിരുവനന്തപുരം<br>695021- 9387778886 |
| 3-8 | ശ്രീ.ബഷീർ.എം.കെ, ഹെഡ്മാസ്റ്റർ | ഹെഡ് മാസ്റ്റർ<br>ജി.യു.പി.എസ്, കോറോം | എടിയപൊയിൽ വീട്, കാവിലുംപാറ പി.ഒ, 673513 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.(ഡബ്ല്യു)പി3/836/2010/18.02.11 | 14 |
| 1997-98 | എൽ.എഫ്.(ഡബ്ല്യു).പി1/106/1999/07.03.99 | 22 |
| 1998-99 | എൽ.എഫ്.(ഡബ്ല്യു).പി3/196/08/13.03.99 | 3 |
| 1999-00 | എൽ.എഫ്.(ഡബ്ല്യു).പി3/40/08/12.03.2008 | 5 |
| 2000-01 (പ്ലാൻ) | എൽ.എഫ്.(ഡബ്ല്യു).പി4/98/06/29.10.06 | 5 |
| 2000-01 | എൽ.എഫ്.(ഡബ്ല്യു).പി3/568/05/04.08.06 | 5 |
| 2001-02 | എൽ.എഫ്.(ഡബ്ല്യു)പി3/595/06/03.04.07 | 5 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.(ഡബ്ല്യു).പി3/871/09/19.11.2009 | 5 |
| 2003-04 | എൽ.എഫ്.(ഡബ്ല്യു).പി3/20/2009/26.03.09 | 8 |
| 2004-05 | എൽ.എഫ്.(ഡബ്ല്യു).പി3/484/08/12.11.08 | 6 |
| 2005-06 | എൽ.എഫ്.(ഡബ്ല്യു).പി3/415/09/11.03.10 | 10 |
| 2006-07 | എൽ.എഫ്.(ഡബ്ല്യു).പി3/418/09/16.02.11 | 13 |
| 2007-08 | എൽ.എഫ്.(ഡബ്ല്യു).പി2/977/14/10.06.15 | 14 |
| 2008-09 | എൽ.എഫ്.(ഡബ്ല്യു).പി2/894/14/25.03.13 | 27 |
| 2009-10 | എൽ.എഫ്.(ഡബ്ല്യു).പി3/362/12/21.3.13 | 25 |
| 2010-11 | എൽ.എഫ്.(ഡബ്ല്യു).പി2/191/13/22.08.13 | 14 |
| 2011-12, 2012-13 | എൽ.എഫ്.(ഡബ്ല്യു).പി3/978/14/18.05.15 | 15 |
| 2013-14 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി2-97/15/11.11.15 | 15 |
| 2014-15 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി2.425/16 /24.06.2016 | |
| 2015-16 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി2.852/16 /20.12.2016 | |

ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.

# അനക്സർ-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്.

KSA- wyd .P2-540/2017

Kerala State Audit Department

District Audit Office, Wayanad

Dated: 30/08/2017.

CERTIFICATE

Certified that I have examined the Annual Financial Statement of THONDERNAD GRAMAPANCHAYAT in WYANAD District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of THONDERNAD GRAMA PANCHAYAT in WYANAD for the year 2016-17 except the observations in my audit report properly present the picture of income and expenditure.

Deputy Director,
District Audit Office,Wayanad.